"ഭരണഭാഷ -മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

നം :ആർഎ 1/128/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർഎ വകുപ്പ്
തിരുവനന്തപുരം,
തീയതി: 09/06/2021

## പരിപത്രം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി - മാർഗ്ഗ നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്

സൂചന:- നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ

************************

ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നിർമ്മാണാനുമതി നല്കുന്നതിലെ കാലതാമസം കാരണം പദ്ധതി പ്രകാരം നിശ്ചയിച്ച തുകയേക്കാൾ കൂടുതൽ തുക കെട്ടിട നിർമ്മാണത്തിന് ആവശ്യമായി വരുന്നതായും ഇത് വിഭാവിത ഭവന നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തെ ദോഷകരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കുള്ള നിർമ്മാണാനുമതി അപേക്ഷ ലഭിച്ചതിനുശേഷം അടിയന്തരമായി സാങ്കേതിക പരിശോധന നടത്തുകയും എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അവ അടിയന്തരമായി പരിഹരിച്ച് നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി 30 ദിവസത്തിനുള്ളിൽ തന്നെ നിർമ്മാണാനുമതി നല്കുകയും ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കുന്നു.

**ബിശ്വനാഥ് സിൻഹ**
പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
3. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
4. മുഖ്യ നഗരാസൂത്രകൻ(വിജിലൻസ്), തിരുവനന്തപുരം
5. റീജ്യണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ് (കൊല്ലം/എറണാകുളം/കോഴിക്കോട്)
6. എല്ലാ ജില്ലാ നഗരാസൂത്രകർക്കും (മുഖ്യനഗരാസൂത്രകൻ മുഖേനെ)
7. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടർ മുഖേനെ)
8. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേനെ)
9. എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
10. വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11. തദ്ദേശ സ്വയംഭരണ (ആർഎ 2/ആർഎ 3/ആർബി/ആർഡി) വകുപ്പ്
12. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ